# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1455 — 03/10/2016-ൽ മറുപടിക്ക്

## പകർച്ചവ്യാധി നിർമ്മാർജ്ജനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഏതെല്ലാം പകർച്ചവ്യാധികൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്യുന്നത്; | എ) | തദ്ദേശീയ മലമ്പനി, മന്ത്, കുഷ്ഠരോഗം എന്നീ രോഗങ്ങൾ ആണ് സമ്പൂർണ്ണമായി നിവാരണം ലക്ഷ്യമിടുന്നത് |
| ബി) | പകർച്ചവ്യാധി നിർമ്മാർജ്ജനം ചെയ്യുന്നതിൽ സംസ്ഥാനം നേരിടുന്ന പ്രധാന വെല്ലുവിളികൾ ഏതെല്ലാമാണ്; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്; | ബി) | പകർച്ചവ്യാധി നിർമ്മാർജ്ജനം ചെയ്യുന്നതിൽ സംസ്ഥാനം നേരിടുന്ന പ്രധാന വെല്ലുവിളികൾ താഴെപ്പറയുന്നവ-യാണ്;<br>• മാലിന്യനിർമ്മാർജ്ജനത്തിലെ പോരായ്മ<br>• ശുദ്ധമായ കുടിവെള്ളത്തിന്റെ ദൗർലഭ്യം<br>• കാലാവസ്ഥാ വ്യതിയാനം<br>• കൊതുക്, ഈച്ച, എലി എന്നിവ പെരുകുന്നതിനുള്ള സാഹചര്യം<br>• ഉയർന്ന ജനസാന്ദ്രത<br>• ചില ജനവിഭാഗത്തിനിടയിൽ ഉള്ള അനുകൂലമല്ലാത്ത നിലപാട്<br>• അനിയന്ത്രിതവും അശാസ്ത്രീയവുമായ നിർമ്മാണ പ്രവർത്തനങ്ങൾ<br><br>പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഓരോ വർഷവും 'പകർച്ചവ്യാധി പ്രതിരോധനിയന്ത്രണ കർമ്മ പദ്ധതി' സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. മഴക്കാല പൂർവ്വശുചീകരണം, കൊതുകിന്റെ ഉറവിട നശീകരണം, ജല ശുദ്ധീകരണം, ബോധവൽക്കരണം തുടങ്ങിയവയോടൊപ്പം രോഗനിരീക്ഷണവും രോഗം വരുന്ന സ്ഥലങ്ങളിൽ ഊർജ്ജിത |

രോഗനിയന്ത്രണ പ്രവർത്തനങ്ങളും രോഗികൾക്ക് ശരിയായ ചികിത്സയും നൽകി വരുന്നുണ്ട്. മറ്റ് വകുപ്പുകളുമായി ചേർന്ന് സംയുക്ത രോഗപ്രതിരോധ പ്രവർത്തനമാണ് ആരോഗ്യവകുപ്പ് നടത്തി വരുന്നത്.

**സി)** നിർമ്മാർജ്ജനം ചെയ്യതായി കണക്കാക്കപ്പെട്ടിരുന്ന രോഗങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം രോഗങ്ങളാണ് ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്;

**സി)** നിർമ്മാർജ്ജനം ചെയ്ത രോഗങ്ങൾ ഒന്നും തന്നെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

**ഡി)** പല രക്ഷിതാക്കളും കുഞ്ഞുങ്ങൾക്ക് പ്രതിരോധ മരുന്നുകൾ ഉപയോഗിക്കുന്നതിന് വിമുഖത കാണിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രവണത ഇല്ലാതാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**ഡി)** ഉണ്ട്. സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ പ്രതിരോധ കുത്തിവെയ്പ് എടുക്കുവാൻ ആളുകൾ വിമുഖത കാണിക്കുന്നുണ്ട്. അതിന്റെ പ്രധാന കാരണം കുത്തിവെയ്പ് എടുക്കുന്നതിനെതിരെ നടക്കുന്ന പ്രചരണം ആണ്.

ഈ പ്രവണത ഇല്ലാതാക്കുന്നതിനായി ബോധവൽക്കരണ പരിപാടികളും, പദ്ധതികളും സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും, മുനിസിപ്പൽ, ബ്ലോക്ക് - ഗ്രാമപഞ്ചായത്ത് തലങ്ങളിലും ഊർജ്ജിതമായി നടത്തിവരുന്നു.

ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും റാപ്പിഡ് റസ്പോണ്ട്സ് ടീം (ആർ.ആർ.റ്റി) രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുകയും ആരോഗ്യമേഖലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി സംസ്ഥാനതല ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾക്ക് പൊതുവായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ